(ബി) വിദ്യാർത്ഥികളുടെ എണ്ണം ഇതിലും വർദ്ധിക്കുമ്പോൾ അത്തരം സ്കൂളുകൾ ബൈഫർക്കേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ടോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): (എ) ഒരു സ്കൂളിൽ പരമാവധി എത്ര വിദ്യാർത്ഥികൾവരെ ആകാമെന്ന് കെ. ഇ.ആറിൽ പ്രത്യേകം വ്യവസ്ഥചെയ്തിട്ടില്ല.

(ബി) സാധാരണയായി വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുമ്പോൾ സ്കൂളുകൾ ബൈഫർക്കേറ്റ് ചെയ്യാറില്ല. എന്നാൽ ഭരണപരവും അദ്ധ്യയനപരവുമായ വൈഷമ്യങ്ങൾ ഉണ്ടാകുമ്പോൾ അവ തരണം ചെയ്യാൻ സ്കൂളുകൾ ബൈഫർക്കേറ്റ് ചെയ്യേണ്ടിവരും.

നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

പൊതുമരാമത്തുപണികളുടെ ഷെഡ്യൂളുകൾ

377 [410] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982–83 നുശേഷം ഇന്നു വരെയുള്ള കാലയളവിൽ പൊതുമരാമത്ത് പണികളുടെ 'ഷെഡ്യൂളുകൾ' പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പുറമറ്റം ടൗണിലെ റോഡുകൾ

378 [411] ശ്രീ. ടി.എസ്. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി സബ് ഡിവിഷനിൽപ്പെട്ട പുറമറ്റം ടൗണിന്റെ ശോച്യാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടൗണിലേയും അതിനോടനുബന്ധിച്ച റോഡുകളും നന്നാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത ടൗണിലെ പി.ഡബ്ലിയു. ഡി. റോഡുകളെ സംബന്ധിച്ചിടത്തോളം ശോച്യാവസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പുറമറ്റം ടൗണിലൂടെ കടന്നുപോകുന്ന പൊതുമരാമത്ത് വക റോഡുകളെല്ലാം തന്നെ വാഹന ഗതാഗതയോഗ്യമാണ്. ആവശ്യമായ അറ്റകുറ്റപ്പണികളും നടത്തുന്നുണ്ട്.

വാഴിച്ചൽ–അംബൂരി റോഡ്

379 [412] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴിച്ചൽ–അംബൂരി റോഡ് അടിയന്തിരമായി പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly